

# 'ഗേ' പ്രധാനമന്ത്രിക്കായി ഇസ്രായേൽ തയാർ

**എം. സെബാസ്റ്റ്യൻ**

ലോകം മുഴുവൻ പ്രകൃതിവിരുദ്ധ ജീവിതത്തിലേക്കു തിരിയുമ്പോൾ ഇസ്രായേൽ മാത്രം എന്തിനു അതിൽനിന്നു മാറിനിൽക്കണമെന്ന ചിന്തയാണ് ദാവീദിന്റെ പിൻതലമുറയിൽ ഇന്നുള്ളവർക്ക്. അതിനാൽ ഇസ്രായേൽ പ്രധാനമന്ത്രിയായി ഒരു സ്വവർഗ്ഗഭോഗി വന്നാലും അതിൽ വലിയ കാര്യമില്ലെന്നും രാജ്യം ഒരു 'ഗേ' പ്രധാനമന്ത്രിയെ സ്വീകരിക്കാൻ കാത്തിരിക്കുന്നുവെന്നുമാണ് ഇസ്രായേലിലെ യഹൂദന്മാരിൽ ഭൂരിപക്ഷവും പറയുന്നത്. ഹീബ്രൂ ഭാഷയിലുള്ള *യദിയോത് അഹറനോട്* എന്ന പ്രാദേശിക പത്രം നടത്തിയ സർവ്വെയിലാണ് ജൂദന്മാരുടെ ഉള്ളിലിരിപ്പ് വെളിവായിരിക്കുന്നത്.

ഏതാനും ആഴ്ചകൾക്കു മുമ്പ് ടെൽ–അവീവിലുള്ള ഒരു ഗേ ക്ലബ്ബിൽ അജ്ഞാതർ നടത്തിയ വെടിവയ്പ്പിൽ രൺടു ഗേകൾക്ക് ജീവഹാനി നേരിട്ടിരുന്നു. ഇതിൽ പ്രതിഷേധിച്ചുകൊൺട് ഇരുപതിനായിരം ഗേ അനുകൂലികൾ ടെൽ അവീവിൽ പ്രകടനം നടത്തിയിരുന്നു. പ്രകടനാനന്തരം ഇസ്രായേൽ പ്രസിഡന്റ് ഷിമോൺ പെരേസ് പങ്കെടുത്ത് ഗേകളെ ആശ്വസിപ്പിച്ചത് വാർത്താ പ്രാധാന്യം നേടിയ സംഭവമായിരുന്നു. ''ഗേകളായ നീർ, ലിസ് എന്നിവരുടെ ഘാതകൻ എന്റെയും നിന്റെയും നമ്മൾ ഓരോരുത്തടുടെയും നേരേയാണ് ഇപ്പോൾ തോക്ക് ചൂൺടിയിരിക്കുന്ന''തെന്നാണ് അദ്ദേഹം പറഞ്ഞത്. ''കൊലപാതകികൾക്ക് ശിക്ഷ ഉറപ്പിക്കുന്നതുവരെ ഇസ്രായേൽ പോലീസിന് വിശ്രമമില്ലെ''ന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രസിഡന്റിന്റെ പ്രസ്താവനയ്ക്കു ശേഷം ഒരാഴ്ച കഴിഞ്ഞപ്പോൾ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹൂ വെടിവയ്പ്പുൺടായ സ്ഥലം സന്ദർശിച്ച് ഗേകൾക്ക് തന്റെ പിന്തുണ നൽകിയിരുന്നു. കൂടാതെ ഗേകൾ കൂടിവരുന്ന കെട്ടിടത്തിന് ശക്തമായ പോലീസ് സംരക്ഷണവും സർക്കാർ ഉറപ്പാക്കി. ഇതോടെ സ്വവർഗ്ഗ തൽപ്പരരായ ഇസ്രായേലികൾ എല്ലാം മറനീക്കി പുറത്തുവരുവാൻ തുടങ്ങി.

‘ഗേ’ ഒരുവൻ പ്രധാനമന്ത്രി ആകുന്നതിൽ തെറ്റില്ല എന്ന സർവ്വെഫലം രാജ്യത്തെ പകുതി ജനങ്ങളുടെ വികാരമാണമെന്ന് ചൂൺടിക്കാണിക്കുന്നത് മെസയാനിക് യഹൂദരും കടുത്ത യാഥാസ്ഥിതികരും ഞെട്ടലോടെയാണ് കാണുന്നത്. ഈ വാർത്ത പുറത്തു വന്നയുടൻ ഇസ്രായേലിലെ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയായ *മെററ്റ്സ്* –ന്റെ നേതാവ് നിറ്റ്സാൻ ഹോറോവിട്സ് പറഞ്ഞത് ‘‘ഇതിനർത്ഥം തന്നെ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കാൻ രാജ്യം തയാറാണെന്നതിന്റെ സൂചനയാണ്’’ എന്നായിരുന്നു. ഇദ്ദേഹത്തിന്റെ പ്രസ്ഥാവനയ്ക്കു എതിരായി പുറകെ മറ്റൊരു രാഷ്ട്രീയ യൂണിയന്റെ നേതാവ് യാക്കോവ് കാറ്റ്സിന്റെ പ്രതികരണം വന്നു. എന്നാൽ കാറ്റ്സ് സ്വവർഗ്ഗരതിയെ എതിർത്ത് പ്രസ്താവന ഇറക്കിയതിനെ പിന്നീട് ആ പാർട്ടിതന്നെ തള്ളിപ്പറയുകയും ചെയ്തു.

ഓസ്ട്രേലിയയിലെ സിഡ്നിയിൽ കഴിഞ്ഞ വർഷം യഹൂദ ഗേകൾ യഹൂദ സിനഗോഗിൽവച്ചു വിവാഹിതരായത് വാർത്താ പ്രാധാന്യം നേടിയിരുന്നു.

യഹൂദസ്വവർഗ്ഗ പ്രേമിക്ക്, കുടുംബം നിലനിർത്താൻ വേൺടി ഒരു സ്ത്രീയെ വിവാഹം കഴിച്ച് അതിൽ പുത്രോത്പാദനം നടത്താമെന്നും എന്നാൽ സ്വവർഗ്ഗ സ്നേഹിയായി മറ്റൊരുത്തന്റെകൂടെ ജീവിക്കാമെന്നുമുള്ള നിർദേശമാണ് ഇസ്രായേലിലെ ഒരു പ്രമുഖ റബ്ബിയും ഓർത്തഡോക്സ് ‘പുആഹ് ഇൻസ്റ്റിറ്റ്യൂട്ട്’ തലവനുമായ റബ്ബി മെനാക്കെം ബർസ്റ്റിൻ നിർദ്ദേശിക്കുന്നത്. എന്നാൽ താനൊരു ഗേ ആണെന്ന് വിവാഹത്തിനു മുമ്പ് ഭാര്യയാകാൻ പോകുന്നവളോടു പറയണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു.

‘‘സ്ത്രീയോടു കൂടെ ശയിക്കുന്നതു പോലെ ഒരുത്തൻ പുരുഷനോടു കൂടെ ശയിച്ചാൽ ഇരുവരും മ്ളേഛത ചെയ്യുന്നു, അവർ മരണശിക്ഷ അനുഭവിക്കണം, അവരുടെ രക്തം അവരുടെമേൽ ഇരിക്കണം’’ (ലേവ്യ: 20:13) എന്നുള്ള ന്യായപ്രമാണം തിരസ്കരിച്ച യഹൂദൻ മറ്റൊരു ലംഘനംകൂടി നടത്തുന്നു ‘‘നിങ്ങളുടെ ദൈവമായ യഹോവയെ പരീക്ഷിക്കരുത്’’ (ആവർത്തനപുസ്തകം 6:16)